"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയം ഭരണ വകുപ്പ്- കുടുംബശ്രീ- ജീവനക്കാര്യം -ശ്രീ.എൽദോ ജോസഫ്, ഹെഡ് ക്ലാർക്ക്, താലൂക്ക് ഓഫീസ്, കുന്നത്തുനാട്- കുടുംബശ്രീ എറണാകുളം ജില്ലാ മിഷനിൽ അധികമായി ജോലി ചെയ്ത കാലയളവ് അന്യത്രസേവന കാലയളവായി പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1228/2022/LSGD തീയതി,തിരുവനന്തപുരം, 17-05-2022

---

പരാമർശം:-
1. 27.05.2017 തീയതിയിലെ സ.ഉ.(സാധാ) നം.1752/2017/തസ്വഭവ
2. 02.02.2019 തീയതിയിലെ സ.ഉ.(സാധാ) നം.238/2019/തസ്വഭവ
3. 06.03.2020 തീയതിയിലെ സ.ഉ.(സാധാ) നം.565/2020/തസ്വഭവ
4. 16.01.2021 തീയതിയിലെ സ.ഉ.(സാധാ) നം.101/2021/തസ്വഭവ
5. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 27.12.2021 ലെ 6160/ഇ1/2017/KSHO നം. ഉത്തരവ്.

**ഉത്തരവ്**

കുടുംബശ്രീ എറണാകുളം ജില്ലാ മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിൽ സേവനമനുഷ്ഠിച്ച കുന്നത്തുനാട്, താലൂക്ക് ഓഫീസിലെ ഹെഡ് ക്ലാർക്ക് ആയ ` ശ്രീ. എൽദോ ജോസഫിന് അന്യത്രസേവനകാലം അനുവദിച്ചിരുന്ന തീയതി 31-5-2021 -വരെ ആയിരുന്നു. ടിയാൻ ആയത് ദീർഘിപ്പിക്കാൻ നൽകിയ അപേക്ഷ പരിഗണനയിലായിരിക്കുകയും ആയത് നിരസിക്കപ്പെട്ടതായി അറിയിപ്പ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 30-11-2021 ൽ കുടുംബശ്രീമിഷനിൽ നിന്ന് വിടുതൽ വാങ്ങി മാതൃവകുപ്പിലേക്ക് മടങ്ങി ഡ്യൂട്ടിക്ക് 1-12-2021 -ൽ ഹാജരാകുകയുമുണ്ടായി. അന്യത്രസേവന കാലാവധി കഴിഞ്ഞും അധികമായി ജോലി ചെയ്ത 01.06.2021 മുതൽ 30.11.2021 വരെയുള്ള കാലയളവ് ക്രമീകരിച്ച് നൽകണമെന്ന് പരാമർശം (5) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. `ശ്രീ.എൽദോ ജോസഫ്, കുടുംബശ്രീ എറണാകുളം ജില്ലാ മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിൽ അന്യത്രസേവനകാലാവധി അവസാനിച്ചിട്ടും അധികമായി ജോലി ചെയ്ത 01.06.2021 മുതൽ 30.11.2021 വരെയുള്ള കാലയളവ് അന്യത്രസേവന കാലയളവായി പരിഗണിച്ച് ഉത്തരവാകുന്നു.

അന്യത്രസേവനകാലം അധികമാകുന്ന ഇത്തരം നടപടികൾ തുടർന്നുണ്ടാകാതിരിക്കുന്നതിനുള്ള കൃത്യമായ നടപടി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ,തിരുവനന്തപുരം.

ശ്രീ. എൽദോ ജോസഫ്, ഹെഡ് ക്ലാർക്ക്, താലൂക്ക് ഓഫീസ്, കുന്നത്തുനാട്(ലാന്റ് റവന്യൂ കമ്മീഷണർ മുഖേന)

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ. എസ്.എ/ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.

ധന വകുപ്പ്(ധെവ-4/18/2022-ധന പ്രകാരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.(File no.IA1/4/2022-LSGD)

ഉത്തരവിൻ പ്രകാരം
**Signed by Vijitha M B**
**Date: 17-05-2022 12:33:58**

സെക്ഷൻ ഓഫീസർ